ഒ. വി. വിജയന്റെ
കഥകൾ

O.V. Vijayan

dcb

ഒ.വി. വിജയന്റെ കഥകൾ

479 8M3.01 VIJ/K
BKS
4 7 9

dcb

...റുൽ അലിയാർ

...ക്സ്

ISBN 81-264-0220-2
9 788126 402205 00004

E-book available

₹ 450

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No..479.............. Call No........................

This book should be returned on or before the date last given below.

14-011
20 JAN 2016
14-011
25 FEB 2016
14-011
8 MAR 2016
14-002
15 JUL 2016
14-002
27 JUL 2016
14-025
8 AUG 2016

CASM College Library TVK
479
01 VIJ/K

8M3.01 VIJ/K
CASMTVK BKS
479

ഒ.വി. വിജയൻ
(1930–2005)

നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയചിന്തകൻ, പത്രപ്രവർത്തകൻ. 1930 ജൂലൈ 2–ന് പാലക്കാട്, വിളയൻചാത്തനൂരിൽ ജനിച്ചു. ചെന്നൈ പ്രസിഡൻസി കോളജിൽനിന്ന് ഇംഗ്ലീഷ് എം.എ. കുറച്ചുകാലം കോളജിൽ അദ്ധ്യാപകൻ. പിന്നീട് ശങ്കേഴ്സ് വീക്ക്ലി, പേട്രിയറ്റ്, ദ സ്റ്റേറ്റ്സ്മാൻ എന്നീ ആനുകാലികങ്ങളിൽ പത്രപ്രവർത്തകൻ. നോവൽ, കഥ, ലേഖനം, കാർട്ടൂൺ തുടങ്ങിയ വിഭാഗങ്ങളിലായി 30 കൃതികൾ. 1990–ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ അക്കാദമി അവാർഡ്, 1991–ൽ വയലാർ അവാർഡ് *(ഗുരുസാഗരം)*, 1992–ൽ മുട്ടത്തുവർക്കി അവാർഡ് *(ഖസാക്കിന്റെ ഇതിഹാസം)*, 1999–ൽ എം.പി. പോൾ അവാർഡ് *(തലമുറകൾ)* എന്നീ പുരസ്കാരങ്ങൾ. 2001–ൽ കേരള ഗവണ്മെന്റിന്റെ എഴുത്തച്ഛൻ പുരസ്കാരം. 2003–ൽ രാഷ്ട്രം പത്മഭൂഷൺ ബഹുമതി നല്കി ആദരിച്ചു. 2005 മാർച്ച് 30–ന് അന്തരിച്ചു.

ഒ.വി.വിജയന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവൽ
ധർമ്മപുരാണം
ഗുരുസാഗരം
മധുരം ഗായതി
പ്രവാചകന്റെ വഴി
തലമുറകൾ
ഖസാക്കിന്റെ ഇതിഹാസം

കഥ
അരക്ഷിതാവസ്ഥ
വിജയന്റെ കഥകൾ
ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി
കടൽത്തീരത്ത്
കാറ്റ് പറഞ്ഞ കഥ
അശാന്തി
ബാലബോധിനി
'പൂതപ്രബന്ധവും' മറ്റ് കഥകളും
കുറെ കഥാബീജങ്ങൾ
ഒ.വി.വിജയന്റെ കഥകൾ
എന്റെ പ്രിയപ്പെട്ട കഥകൾ

ലേഖനം
ഇതിഹാസത്തിന്റെ ഇതിഹാസം
ഘോഷയാത്രയിൽ തനിയെ
ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ
സന്ദേഹിയുടെ സംവാദം
വർഗ്ഗസമരം, സ്വത്വം
കുറിപ്പുകൾ
ഹൈന്ദവനും അതിഹൈന്ദവനും
അന്ധനും അകലങ്ങൾ കാണുന്നവനും
ഒ.വി. വിജയന്റെ ലേഖനങ്ങൾ

ആക്ഷേപഹാസ്യം
എന്റെ ചരിത്രാന്വേഷണപരീക്ഷകൾ

കാർട്ടൂൺ
ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം
Tragic Idiom

സ്മരണ
സമുദ്രത്തിലേക്ക് വഴിതെറ്റിവന്ന പരൽമീൻ

കത്ത്
വിജയന്റെ കത്തുകൾ

ഒ. വി. വിജയന്റെ കഥകൾ

സമാഹരണം, അവതാരിക
ആഷാ മേനോൻ

ഡി സി ബുക്സ്

College Of Avian Sciences & Management
479
LIBRARY
KVASU Thiruvazhamkunnu-678 601

MALAYALAM LANGUAGE
O V Vijayante Kathakal

STORIES-OMNIBUS VOLUME
by O. V. Vijayan
Edited *by* Asha Menon

Rights Reserved
First Published October 2000
4th impression (Revised) June 2013

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-mail: customercare@dcbooks.com
e-book version of this title available at www.thewinkstore.com

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Vijayan, O. V.
O. V. Vijayante kathakal/O. V. Vijayan.
808 p., 21 cm.
ISBN 81-264-0220-2.
1. Malayalam stories. 2. Title.
8M3.01*-dc 22.
(*This is local variation of DDC number for Malayalam literature : O. V. Vijayante kathakal.).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0220-2

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 450.00

202/13-14-Sl.No. 12826-dcb 2285-(4)2000-13020-06-13-Sir. 18.1-p as-r pp/mh-d hm

പ്രസാധകക്കുറിപ്പ്

ഒ.വി. വിജയൻ ഇന്ന് നമ്മോടൊപ്പം ഇല്ല. എങ്കിലും അദ്ദേഹം മലയാള മനസ്സിൽ വിതച്ച ഭാവനകളുടെയും ചിന്തകളുടെയും ദർശനങ്ങളുടെയും അനുസ്യൂതമായ ഉൽഫുല്ലത അദ്ദേഹത്തെ സജീവ ചേതസ്സാക്കുന്നു. ജീവരാശിയുടെ ഓരോ ചെറുചലനങ്ങളിലുമുള്ള അദ്ദേഹത്തിന്റെ ആത്മതപം ഓരോ രചനകളിലെയും ഓരോ ശബ്ദങ്ങളെയും ത്രസിക്കുന്ന ജീവകണങ്ങളാക്കുന്നു. അവയിൽനിന്ന് ഒരു ഭാഗം വീണ്ടും അവതരിപ്പിക്കുകയാണിവിടെ.

മലയാളത്തിന്റെ മൗലികപ്രതിഭയായ വിജയന്റെ കഥാസാഹിത്യം സമ്പൂർണമായി അവതരിപ്പിക്കാനാവുന്നതിൽ സന്തോഷമുണ്ട്. ഈ കൃതി ഒരു നൂറ്റാണ്ടിലെ കഥാസാഹിത്യമെന്ന ഉന്നതവൃക്ഷത്തിന്റെ ബലിഷ്ഠമായ ഒരു ശാഖയായി നിലകൊള്ളും എന്ന് ഞങ്ങൾ വിചാരിക്കുന്നു. ചെറിയ അനുഭവങ്ങളെപ്പോലും ആഴമുള്ള കഥാശില്പങ്ങളാക്കി മാറ്റുന്ന വിജയന്റെ കഥാലോകത്ത് ഇരുണ്ട ഹാസ്യവും ദർശനത്തിന്റെ ദീപ്തിയും ആധ്യാത്മികതയുടെ സൗമ്യസുഗന്ധവുമുണ്ട്. മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യത്തിന്റെ നിഗൂഢസ്പർശമുണ്ട്. എല്ലാമുണ്ട്. കഥകളുടെ വിഭജനവും അങ്ങനെതന്നെ. പ്രാചീനം, ഫലിതം, സ്ഖലിതം, ചരിത്രം, തമസ്സ്, ബോധവ്രതൻ, തർപ്പണം, കാറ്റ്, പ്രത്യക്ഷം എന്നിങ്ങനെ ഒമ്പത് ഭാഗങ്ങളും ആദ്യകാല കഥകളുടെ സമാഹാരമായ അരക്ഷിതാവസ്ഥയും.

പുതിയ ഈ പതിപ്പ് മലയാളികൾ സഹർഷം കയ്യേല്ക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

രവി ഡി സി

ഉള്ളടക്കം

ജീനിയസ്സിന്റെ സ്പർശമുള്ള ഭാഷ 13
വി.കെ.എൻ.

സ്മൃതിമാന്റെ ആതുരത്വങ്ങൾ 15
ആഷാമേനോൻ

കുറിപ്പ് 45
ഒ.വി. വിജയൻ

പ്രാചീനം

പറയൂ, ഫാദർ ഗൺസാലെസ് 53

ഒരു യുദ്ധത്തിന്റെ ആരംഭം 64

ഒരു യുദ്ധത്തിന്റെ അവസാനം 92

പ്രേമകഥ 105

നിദ്രയുടെ താഴ്വര 123

ചവിട്ടുവണ്ടി 134

ഫലിതം

പ്രയാണം 159

മങ്കര 170

ഇരിങ്ങാലക്കുട 178

യുഗേ, യുഗേ 186

മൂന്നാം ലോകമഹായുദ്ധം 193

ഭഗവത്സന്നിധിയിൽ 196

ചെമ്മീൻ 201

പാഠഭേദങ്ങൾ 203

നാലുകെട്ട് 207
കന്നുകാലികൾ 209
അഭയം 210
വൃദ്ധനും മകനും കഴുതയും 211
രണ്ടാം ലോകമഹായുദ്ധം 212
ഐതിഹ്യമാല 213
പൂച്ച 214
കൃഷ്ണലീല–1 215
കൃഷ്ണലീല–2 216
പൂവ്–1 217
പൂവ് –2 218
മഹാഭാരതയുദ്ധവും അതു
സംബന്ധിച്ച ഒരു ഗ്രന്ഥവും 219
പേരുകൾ 220
ദേശസ്നേഹം 222
അനർത്ഥം അർത്ഥം 224
തിരിച്ചുവരവ് 225
നീലസ്സൂര്യൻ 228
ഗുണപാഠം 232
രണ്ടാം ലോകമഹായുദ്ധം 233
ഒരു പദത്തിന്റെ ഉല്പത്തി 235
അറിവു നേടിയവൾ 236
പണിയ്ക്കരും ആശ്രിതനും 237
യുക്തിവിജയം 238
നിരൂപകന്റെ പ്രശ്നം 239
നങ്ങേമക്കുട്ടി 240
കഥാപാത്രം 242
കാട്ടുമൂർഖൻ 243
വസന്തത്തിലെ ഇടിമുഴക്കം 246
വസന്തത്തിൻെറ ഇടിമുഴക്കം 248
ലക്ഷ്യബോധം 249
പുരോഗമനസാഹിത്യത്തിലെ ഏറ്റവും
മികച്ച കൃതി 250
ചേരിചേരാനയം 252
ഭാരതം 257
മോഷണ ഗൂഢാലോചന 259
പക്ഷിശാസ്ത്രം, ഭാഷാശാസ്ത്രം 264
മയില് 269
മുൻവിധിയും അനുഭവവും 271

സ്ഖലിതം

എട്ടുകാലി 275
തീട്ടം 286
ആൽമരം 292

ചരിത്രം

അമ്മയും മക്കളും 299
തീയതികൾ 315
അഡോൾഫ് ഹിറ്റ്ലറുടെ ജീവിതവും മരണവും 334
വ്ളാദിമെർ ഇലിച്ച് ലെനിന്റെ ജീവിതവും മരണവും 339
ചെങ്ങന്നൂർ വണ്ടി 343
ഇരുപത്തിയൊന്നാം നൂറ്റാണ്ട് 352
മുയലുകളുടെ ചക്രവർത്തി 359
രാമകൃഷ്ണൻ 368
ഞെക്കുവിളക്കിന്റെ കഥ 375
പാലക്കാട്ടെ ദൈവശാസ്ത്രം 381
പാശസ്തവം 390
പൂതപ്രബന്ധം 396

തമസ്സ്

പരീക്ഷ 405
എണ്ണ 423
അരിമ്പാറ 443

ബോധവ്രതൻ

എയ്ത്തുനക്ഷത്രം 473
മറ്റിടത്തെ വിശേഷം 474
യാത്ര 475
സംവാദം 476
പേടി മാറിയ അയൽവാസി 477
ചിലന്തികൾ പറഞ്ഞത് 478
പേര് 480
ഞാൻ മാത്രം 481
വിളി 482

തർപ്പണം

കടൽത്തീരത്ത് 485
മുരുകൻനായർ 491
കൃഷ്ണപ്പരുന്ത് 502
ഭ്രൂണം 513
തിരിച്ചുപോക്ക് 528
രണ്ടു മരണങ്ങൾ 535
സംഗമം 539
ചെറുപ്രാണികൾ 544
കോമ്പിപ്പൂശാരിയുടെ വാതിൽ 550
മരച്ചുവട് 554
വീണ്ടും കടൽത്തീരത്ത് 559
സ്നേഹത്തിന്റെ ശ്രാദ്ധം 565

പശുവിന്റെ കണ്ണുകൾ 573
വൈദ്യവിധി 577
പ്രായശ്ചിത്തം 584
ദുരവസ്ഥ 590

കാറ്റ്

കാറ്റ് പറഞ്ഞ കഥ 599
കാട്ടുകോഴിയുടെ അനുഗ്രഹം 608
ആമ്പൽക്കുളത്തിലെ പുലരിക്കാറ്റ് 614
സ്ഥിരീകരണം 622
പുഴ 632
ഉപനിഷത്ത് 635
രാവുണ്ണി മേസ്തിരിയുടെ ചാർച്ചക്കാർ 638
ഒരു കലാസമിതിയുടെ ഉദ്ഘാടനം 645
പ്രാർത്ഥന 651
ഗൃഹാതുരത്വം 656

പ്രത്യക്ഷം

പാറകൾ 665
രേണുക 673
രമണനും മദനനും 680
കല്പടവുകൾ 689
വിമാനത്താവളം 694
നീലിമ 700
വിദ്യാരംഭം 709
മറുകുകൾ 711
തീപ്പിടുത്തം 715
ഇടിമിന്നലിന്റെ നീളം 722
അവസാനത്തെ ഈയാംപൂശൽ 725

വഴിപോക്കന്മാർ..........730
നാം ഉന്മാദികൾ..........734

അരക്ഷിതാവസ്ഥ

പരാജിതൻ..........741
പതഞ്ജലിശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്..750
വാൽനക്ഷത്രം..........755
ജീവന്റെ സംഗീതം..........769
അരക്ഷിതാവസ്ഥ..........773

അനുബന്ധങ്ങൾ

അനുബന്ധം-1 : അശാന്തി-രതിയുടെ കഥകൾ
കാമത്തിൽനിന്നു മോക്ഷത്തിലേക്ക്-കെ.പി.അപ്പൻ 781

അനുബന്ധം-2 : ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി
സ്വാതന്ത്ര്യത്തിന്റെ ദൈന്യം-നരേന്ദ്രപ്രസാദ്..........786

അനുബന്ധം-3 : കുറെ കഥാബീജങ്ങൾ
വ്യഗ്രതകൾ, തർപ്പണങ്ങൾ-ആഷാമേനോൻ..........792

അനുബന്ധം-4 : ഗ്രന്ഥസൂചി
ഒ. വി. വിജയന്റെ കൃതികൾ..........797

അനുബന്ധം-5 : ഖസാക്കിന്റെ ഇതിഹാസം:
പഠനങ്ങൾ..........802

അനുബന്ധം-6 : ഒ.വി. വിജയനെയും രചനകളെയും
ആസ്പദമാക്കിയുള്ള ദൃശ്യസംരംഭങ്ങൾ..........803

അനുബന്ധം-7
പഠനസൂചി..........804

ജീനിയസ്സിന്റെ സ്പർശമുള്ള ഭാഷ

വി. കെ. എൻ.

വിജയനെ ആദ്യം കാണുന്നത് 1956-ൽ പാലക്കാട് ഹരിക്കാരതെരുവിലെ ഒരു ലോഡ്ജിൽ വച്ചാണ്. അന്ന് വിജയൻെറ "മൂന്നു യുദ്ധങ്ങൾ" പുറത്തിറങ്ങിയിരുന്നു. പിന്നെ കുറച്ചുകാലം വിദ്വാൻ ഒന്നും എഴുതിയിരുന്നില്ല. അതു കഴിഞ്ഞ് 1959-60 കാലങ്ങളിൽ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജിൽ വച്ചാണ് വിജയനെ കാണുന്നത്. അന്ന് വിജയൻ ഏകാകിയായിരുന്നു. അന്നത്തെ വിജയൻെറ സൗഹൃദം കുന്നിക്കൽ നാരായണനും മറ്റുമായിരുന്നു. പിന്നീട് 63-കാലത്ത് ദില്ലിയിൽ വച്ചാണ് അദ്ദേഹം തസറാക്കിനെപ്പറ്റി ചിന്തിക്കുന്നതും എഴുതുന്നതും. അത് വളരെ വ്യത്യസ്തമായ ഒരു കൃതിയായിരുന്നു. 8 വർഷം ഖസാക്കിനുമേൽ വിജയൻ അടയിരിക്കുകയായിരുന്നു. അക്കാലം കാർട്ടൂൺ, ഇംഗ്ലീഷ് ലേഖനങ്ങൾ എന്നിവയാണ് വിജയൻ കൈകാര്യം ചെയ്തിരുന്നത്. 'ഖസാക്കിൻെറ ഇതിഹാസം' മാതൃഭൂമി പ്രസിദ്ധീകരിച്ചതോടെ തൻെറ മാർഗം ഏതാണെന്ന് വിജയൻ തിരിച്ചറിഞ്ഞു. കഥയും നോവലുമാണ് തൻെറ കാൻവാസ് എന്ന് മനസ്സിലാക്കി. അതിനു ശേഷമാണ് ഗുരുസാഗരം, മധുരംഗായതി, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ എന്നിവയൊക്കെ എഴുതിയത്.

കഥകളിൽ എടുത്തു പറയത്തക്കതാണ് കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ എന്നിവ. ഈ കഥകൾ ഏതു ഭാഷയിലെ കഥകളോടും കിടപിടിക്കുന്നവയാണ്.

അടിയന്തരാവസ്ഥക്കാലത്താണ് വിജയൻ 'ധർമ്മപുരാണം' എഴുതുന്നത്. ഈ കൃതികളെല്ലാം എഴുതുമ്പോൾ സമാന്തരമായി തൻെറ കൃതികളുടെ ഇംഗ്ലീഷ് വിവർത്തനവും വിജയൻ ചെയ്തിരുന്നു. ഇംഗ്ലിഷ്, മലയാളം എന്നീ ഭാഷകൾ വിജയന് അനായാസം വഴങ്ങുമായിരുന്നു. ഒരു ജീനിയസ്സിൻെറ സ്പർശമായിരുന്നു വിജയൻെറ ഭാഷയിൽ കണ്ടത്. ഇംഗ്ലിഷിൽ എഴുതിയ ലേഖനങ്ങൾ ഇതുവരെ സമാഹരിക്കപ്പെട്ടിട്ടില്ല. ഭാഷകൊണ്ടുള്ള മഹോത്സവമായിരുന്നു വിജയൻ ആഘോഷിച്ചിരുന്നത്.

മലയാളിക്ക് വിജയനെ തിരിച്ചറിയാൻ ഏറെ വൈകി. വിജയൻെറ കൃതികളൊക്കെ ആദ്യം വേണ്ട വിധത്തിൽ സ്വീകരിച്ചുവോ എന്നുതന്നെ സംശയമാണ്. നിരൂപകർക്ക് വിജയൻെറ ഭാഷയോ ആശയങ്ങളോ ഭൂമിശാസ്ത്രപരമായി പാലക്കാട് എന്താണെന്നോ അറിയാൻ കഴിഞ്ഞില്ല.